# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1468 06.03.2018 ൽ മറുപടിയ്ക്ക്

**ഗതാഗതക്കുരുക്കും മലിനീകരണവും കുറച്ച് പൊതുഗതാഗതം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.റോജി എം. ജോൺ | | മറുപടി<br>എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിലൂടെ തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്കും ശബ്ദ-വായു മലിനീകരണങ്ങളും കുറയ്ക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | അത്തരത്തിൽ പഠനം നടത്തിയിട്ടില്ല. |
| (ബി) | പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുവാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 100 പൂർണ്ണ നിർമ്മിത ബസുകൾക്ക് ഓർഡർ നൽകിയതിൽ 20 എണ്ണം നിരത്തിലിറക്കി. ബാക്കിയുള്ള 80 ബസുകൾ കൂടി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് തദ്വാര വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് 'കിഫ്ബി' മുഖേന 324 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുകവഴി ജനങ്ങളുടെ യാത്രപ്രശ്നം പരിഹരിക്കുവാനും സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിലൂടെ വാഹനപ്പെരുപ്പം നിയന്ത്രിക്കുവാനും വാഹനപ്പെരുപ്പം മൂലമുള്ള അന്തരീക്ഷ മലിനീകരണം പരമാവധി കുറയ്ക്കുന്നതിനും ഇതുവഴി ലക്ഷ്യമിടുന്നു. |
| (സി) | സി.എൻ.ജി. ഉൾപ്പെടെയുള്ള ഹരിത വാതകങ്ങൾ ഉപയോഗിക്കുന്ന ബസ്സുകൾ | (സി) | സി.എൻ.ജി ഇന്ധനം ഉപയോഗിച്ചോടിക്കാവുന്ന ഒരു ബസ്, പരീക്ഷണാടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | നിരത്തിലിറക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | | കെ.എസ്.ആർ.ടി.സി വാങ്ങിച്ചിട്ടുണ്ടെങ്കിലും അത് ഇതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. സി.എൻ.ജി യുടെ പരിസ്ഥിതി കാര്യത്തിലുള്ള മേന്മയെക്കുറിച്ച് കെ.എസ്.ആർ.ടി.സി യ്ക്ക് ബോധ്യം വരാത്തതിനാലും സി.എൻ.ജി ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാത്തതുമൂലമുള്ള സി.എൻ.ജി ഇന്ധനത്തിന്റെ ലഭ്യതക്കുറവ് പരിഗണിച്ചും ഇതിന്റെ സാമ്പത്തികമായ പ്രായോഗികത കണക്കിലെടുത്തുമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി പോലെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥാപനത്തിൽ വലിയ മൂലധന നിക്ഷേപം ആവശ്യമായ ഇത്തരം ബസുകൾ വാങ്ങി പരീക്ഷണം നടത്തുന്നത് അഭികാമ്യമല്ല. |
| (ഡി) | ഇക്കാര്യത്തിനായി സർക്കാർ ജീവനക്കാരുടെ സിറ്റി കോമ്പൻസേറ്ററി അലവൻസ് കെ.എസ്.ആർ.ടി.സി ക്ക് കൈമാറണമെന്ന നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (ഡി) | പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ സി.സി.എ (സിറ്റി കോംപൻസേറ്ററി അലവൻസ്) കുറവ് ചെയ്ത് കെ.എസ്.ആർ.ടി.സി-യ്ക്ക് നൽകുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം ധനകാര്യ വകുപ്പിന് കൈമാറിയിരുന്നു. ഈ നിർദ്ദേശത്തിന്മേൽ ജീവനക്കാരുടെ അഭിപ്രായം തേടാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ജീവനക്കാരുടെ അഭിപ്രായം തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ